(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കുടിവെള്ളത്തിനായി ജലത്തിന്റെ ശുദ്ധീകരണ പ്രക്രിയ

*4 [184] ശ്രീ. കളത്തിൽ അബ്ദുള്ള:
„ സി. ടി. അഹമ്മദ് അലി:
„ ടി. പി. എം. സാഹിർ:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിനായി ജലസ്രോതസ്സുകളിൽ നിന്നും എടുക്കുന്ന ജലം വിതരണത്തിനു മുമ്പ് എന്തെല്ലാം ശുദ്ധീകരണ നടപടികൾക്ക് വിധേയ മാക്കുന്നുണ്ട്;

(ബി) നഗരത്തിലും ഗ്രാമങ്ങളിലും ഉള്ള ജലവിതരണ പദ്ധതികളിൽ ശുദ്ധീകരണത്തിന് ഒരേ തരം നടപടികൾ തന്നെയാണോ അവലംബിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) വൻകിട പദ്ധതികളിലെ ശുദ്ധീകരണ ശാലയിൽ വച്ച് Aeration, Coagulation, Sedimentation, Filtration, Disinfection എന്നീ ശുദ്ധീകരണ പ്രക്രിയകൾ വഴിയും ചെറുകിട പദ്ധതികളിൽ ഗ്യാലറി വഴി ഫിൽട്ടർ ചെയ്ത് ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ക്ലോറിനേഷൻ നടത്തിയുമാണ് കുടിവെള്ളം ശുദ്ധീകരിക്കുന്നത്.

(ബി ആന്റ് സി) നഗരങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും വൻകിട പദ്ധതികളിൽ ശുദ്ധീകരണ പ്രക്രിയയിൽ വ്യത്യാസമില്ല. ഇവയിൽ ശുദ്ധീകരണ ശാലയിൽ വെച്ച് Aeration, Coagulation, Sedimentation, Filtration, Disinfection എന്നീ ശുദ്ധീകരണ പ്രക്രിയകൾ വഴിയാണ് ശുദ്ധീകരിക്കുന്നത്. ചില ചെറുകിട പദ്ധതിക ളിൽ സാങ്കേതികമായി സാദ്ധ്യമാണെങ്കിൽ ഗ്യാലറി വഴി ഫിൽട്ടർ ചെയ്ത് ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ക്ലോറിനേഷൻ നടത്തി ശുദ്ധീകരിച്ച് ജലവിതരണം നടത്തി വരുന്നു. ഗ്രാമ പ്രദേശങ്ങളിൽ തുറന്ന കിണർ സ്രോതസ്സായ ചെറുകിട പദ്ധതികളിൽ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ക്ലോറിനേഷൻ നടത്തി ജലം ശുദ്ധീകരിച്ച് വിതരണം നടത്തി വരുന്നു.

തിരുവനന്തപുരത്ത് നിന്നും വടക്കോട്ട് ജലപാത നിർമ്മാണം

*5 [185] ശ്രീ. സി. മമ്മൂട്ടി:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ സി. മോയിൻകുട്ടി:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നിന്ന് വടക്കോട്ട് ജലഗതാഗതത്തിനുള്ള ജലപാത ഏതു സ്ഥലം വരെ സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly